**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 111** **15-10-2026-ൽ മറുപടിയ്ക്ക്**

**ബി.ആർ.സി.കളുടെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. മമ്മിക്കുട്ടി
ശ്രീ. യു. ആർ. പ്രദീപ്
ശ്രീ. കെ. പ്രേമൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ബി.ആർ.സി.കളിൽ (ബ്ലോക്ക് റിസോഴ്സ് സെന്റർ) ജോലി ചെയ്തുവന്നിരുന്ന കരാർ, ദിവസവേതന ജീവനക്കാരെ മുന്നറിയിപ്പില്ലാതെ പിരിച്ചുവിട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഇല്ല. സംസ്ഥാനത്തെ ബി.ആർ.സി. കളിൽ ജോലി ചെയ്തുവന്നിരുന്ന ദിവസവേതന ക്കാരുടെ കാലാവധി അവസാനിച്ച മുറയ്ക്ക് സേവനം അവസാനിപ്പിച്ചിട്ടുണ്ട്. കരാർ ജീവനക്കാരുടെ കാലാവധി അവസാനിച്ച മുറയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് അനുവദിച്ചിട്ടുണ്ട്.

**(ബി)** പകരം സംവിധാനങ്ങൾ ഏർപ്പെടുത്താതെ ഓഫീസ് അറ്റൻഡർമാരെയും സി.ആർ.സി.സികളെയും (ക്ലസ്റ്റർ റിസോഴ്സ് സെന്റർ കോർഡിനേറ്റർ) പിരിച്ചുവിട്ടത് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെയും പ്രത്യേകിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകിവന്നിരുന്ന പ്രത്യേക പരിശീലനങ്ങളെയും സാരമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി:** ഈ വർഷം തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് പുനർവിന്യാസത്തിലൂടെ ക്ലസ്റ്റർ റിസോഴ്സ് സെന്റർ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരുടെയും നിലവിൽ സേവനത്തിൽ തുടരുന്ന സി.ആർ.സി. കോ-ഓർഡിനേറ്റർമാരുടെയും ബി.ആർ.സി. ട്രെയിനർമാരുടേയും ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടേയും നേതൃത്വത്തിൽ സ്കൂളുകളിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കും പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനപരിപാടികൾക്കും പിന്തുണ നൽകിവരുന്നതിനാൽ സ്കൂളുകളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും പ്രത്യേക പിന്തുണാ പരിശീലനങ്ങളും കാര്യക്ഷമമായി തന്നെ തുടർന്ന് വരികയാണ്.

**(സി)** നിലവിലെ ജീവനക്കാരെ മാറ്റി തൽസ്ഥാനത്ത് ചില രാഷ്ട്രീയ പാർട്ടികളുടെ താല്പര്യപ്രകാരമുള്ളവരെ നിയമിക്കാനാണ് ഈ പിരിച്ചുവിടൽ നടത്തിയതെന്ന് പറയപ്പെടുന്നതായ ആരോപണങ്ങളെ കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ;

**മറുപടി:** ഇത്തരത്തിലുള്ള ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** നിലവിലുണ്ടായിരുന്ന ജീവനക്കാരെ തിരികെ പ്രവേശിപ്പിച്ച് ബി.ആർ.സി.കളുടെ പ്രവർത്തനം സുഗമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**മറുപടി:** നിലവിൽ ഒഴിവുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കാനുള്ള നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം നിയമനപ്രക്രിയയിൽ പങ്കെടുക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**